## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3698 23.08.2017-ലെ മറുപടിക്ക്

### വിദ്യാർത്ഥികൾ കൈവരിച്ച സംരംഭകത്വശേഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>,, റോജി എം. ജോൺ<br>,, അനിൽ അക്കര<br>,,ഹൈബി ഈഡൻ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് വ്യവസായവകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ | വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് പ്രധാനമായും വ്യവസായ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്.<br>• ഇ.ഡി. ക്ലബ്ബുകൾ (സംരംഭകത്വ വികസന ക്ലബ്ബുകൾ)<br>• സംരംഭകത്വ ബോധവൽക്കരണ പരിപാടി (ഇ.എ.പി)<br>• ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് സ്കീം |
| ബി | വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഇതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തിട്ടുണ്ട്; വിശദമാക്കുമോ; | ബി & സി | വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ് കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലനശിൽപ്പശാലകൾ നടത്തിവരുന്നു. ഓരോ ജില്ലയിലും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽ നോട്ടത്തിൽ വ്യവസായ |
| സി | ഇതിലൂടെ വിദ്യാർത്ഥികൾ കൈവരിച്ച സംരംഭകത്വശേഷിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | | |

| | | | |
|---|---|---|---|
| | | | വികസന ഓഫീസർ മുഖനെയാണ് ഇ.ഡി ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇ.എ.പി. പദ്ധതി പ്രകാരം 378 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഒരു പരിപാടിക്ക് 6000/ രൂപ മുതൽ 7000/രൂപവരെ ചെലവഴിക്കുന്നതിനു സർക്കാർ സഹായം നൽകുന്നു.<br>സർവകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായ സംഭരംഭകർക്ക് സഹായകരമാം വിധത്തിൽ നടപ്പാക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്ന തരത്തിൽ ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി ആവിഷ്കരിക്കുന്നു.<br>മേൽ വിവരിച്ച പദ്ധതികളിലൂടെ വിദ്യാർത്ഥികൾ കൈവരിച്ച സംരംഭകത്വ ശേഷിയെക്കുറിച്ച് അവലോകനം നടത്തിയിട്ടില്ല എങ്കിലും, വിദ്യാഭ്യാസത്തിനു ശേഷം വ്യവസായ മേഖലയിലേക്ക് കടന്നുവരാനുള്ള അവസരം മുന്നിലുണ്ടെന്നു അവരെ ബോധ്യപ്പെടുത്തി, അതിനാവശ്യമായ വിവിധ ആശയങ്ങൾ പകർന്നു നൽകുന്നതും വഴി, വ്യവസായ വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന ഇടപെടലുകളുടെ ഫലമായി അവരിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ കഴിയുന്നു. നല്ലൊരു വിഭാഗം വിദ്യാർത്ഥികൾക്ക് തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായി സ്വയം പരിവർത്തനം ചെയ്യാൻ കഴിയും എന്നാണ് സർക്കാർ പ്രതീക്ഷ. |

സെക്ഷൻ ഓഫീസർ